**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5411** | **03-11-2021 - ൽ മറുപടിയ്ക്ക്**

**ഓവർസീസ് എംപ്ലോയീസ് കോൺഫറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓവർസീസ് എംപ്ലോയീസ് കോൺഫറൻസിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോവിഡ് മഹാമാരി ലോകത്തെമ്പാടും മാന്ദ്യവും തൊഴിലില്ലായ്മയും സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക സാങ്കേതിക വൈദഗ്ധ്യമുള്ള ചെറുപ്പക്കാർക്ക് ഇന്നും ധാരാളം തൊഴിലവസരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. ഇത്തരത്തിലുള്ള തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായി 12/10/2021 - ൽ ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് എന്ന പരിപാടി ഓൺലൈനായി സംഘടിപ്പിച്ചിരുന്നു. ലോകമെമ്പാടുമുള്ള വൻകിട തൊഴിൽദാതാക്കളും നയതന്ത്ര ഉദ്യോഗസ്ഥരും വിഷയ വിദഗ്ധരും ഈ പരിപാടിയിൽ സംബന്ധിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചത്. പങ്കാളിത്തം കൊണ്ടും പ്രാതിനിധ്യം കൊണ്ടും ശ്രദ്ധേയമായിരുന്നു. ഈ പരിപാടി കുടിയേറ്റത്തിന് നവോർജ്ജം പകരുന്നതിനുള്ള നിരവധി ആശയത്തെക്കുറിച്ചുള്ള അറിവ് നൽകുന്നതായിരുന്നു. കോൺഫറൻസിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ പഠനവിധേയമാക്കിയ ശേഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി ചെയ്യാൻ അവസരം ലഭിക്കുന്നവരെ അതത് രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 1. ജാപ്പനീസ്, ജർമൻ, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിന് തൊഴിൽ അന്വേഷകരെ പ്രാപ്തരാക്കുന്നതിനുള്ള ട്രെയിനിങ് കോഴ്സുകൾ നോർക്ക റൂട്സ് വിഭാവനം ചെയ്തിട്ടുണ്ട്. ആയത് ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 2. നോർക്ക – റൂട്ട്സും ജർമൻ ഫെഡറൽ എംപ്ലോയിമെന്റ് ഏജൻസിയും കേരളത്തിൽ നിന്ന് ജർമനിയിലേയ്ക്ക് ഹെൽത്ത് കെയർ പ്രൊഫഷണൽസിനെ റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രം ഉടൻതന്നെ ഒപ്പുവെയ്ക്കുന്നതാണ്. ഇതിന്റെ ഭാഗമായി, റിക്രൂട്ട് ചെയ്യപ്പെടുന്നവർക്ക് ജർമൻ ഭാഷാ പരിശീലനം നൽകുന്നതാണ്. ജപ്പാനിലേയ്ക്ക് സ്പെസിഫൈഡ് |

| | | | |
|---|---|---|---|
| | | | സ്കിൽഡ് വർക്കേഴ്സ്-നെ റിക്രൂട്ട് ചെയ്യുന്നതിന് മുന്നോടിയായി, നോർക്ക – റൂട്ട്സിനെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്ത് വിദേശകാര്യ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.<br>ഇതിനോടനുബന്ധിച്ച് ജപ്പാൻ ഓവർസീസ് കോ-ഓപ്പറേഷൻ വോളന്റിയേഴ്സ് പ്രോഗ്രാം പ്രകാരം ജപ്പാനിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ജാപ്പനീസ് ഭാഷാ പരിശീലനം എന്നിവയ്ക്കായി വോളന്റിയർ ടീച്ചറുടെ സേവനം കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ